
OTTO
SHIRTS
TROUSERS
JEANS
T-SHIRTS


3SQ Technology FIRST TIME IN INDIA
MCR
PURE COTTON MENS WEAR
Shop online : mcrshopping.com

മാതൃഭൂമി വാരാന്തപ്പതിപ്പ്
• കല • ജീവിതം • സംസ്കാരം
2017 ഫെബ്രുവരി 26 ഞായർ

തനിമ

# മനുഷ്യാ, നീ മണ്ണാകുന്നു

തനിക്കുവേണ്ടി മാത്രമല്ല, മറ്റുള്ളവർക്കും മണ്ണുകൊണ്ട് വീടുണ്ടാക്കിക്കൊടുത്ത് നമ്മുടെ തനത് ഗൃഹനിർമാണരീതികൾ തിരികെപ്പിടിക്കാൻ യത്നിക്കുന്ന ബിജുഭാസ്കറിന്റെ കാഴ്ചപ്പാടുകളെപ്പറ്റി


'വൃക്ഷ'യുടെ ഉമ്മറത്ത് ബിജു ഭാസ്കർ
*ചിത്രങ്ങൾ:* എം.ബി. ധനീഷ്

സി. സാന്ദീപനി

'മനുഷ്യാ, നീ മണ്ണാകുന്നു
മണ്ണിൽ നിന്നുവന്നു
മണ്ണിലേക്കുതന്നെ മടങ്ങും...'

നൂറ്റാണ്ടുകൾക്കുമുമ്പ്, മനുഷ്യന്റെ അഹങ്കാരത്തിനുമുകളിൽ ഇടിത്തീപോലെ മുഴങ്ങിയ വാക്കുകൾ...

വിശുദ്ധപുസ്തകത്തിലെ ആ വചനങ്ങൾ വീണ്ടും മുഴങ്ങാനുള്ള സമയമായി. മനുഷ്യജീവിതത്തിന്റെ നിസ്സാരത ഓർമിപ്പിക്കാനല്ല, മറന്നുപോകുന്ന മണ്ണിന്റെ മഹത്ത്വം വിളിച്ചോതാൻ. വേരുകളും ആകാശവുമില്ലാതെ, സ്വയംപണിത കോൺക്രീറ്റ് തടവറയ്ക്കുള്ളിൽ കഴിയുന്ന നമ്മൾ, ബിജുഭാസ്കർ എന്ന ഈ ചെറുപ്പക്കാരന്റെ ജീവിതം കാണണം.

'സർവം മൃണ്മയ'മെന്ന് വിശ്വസിക്കുന്ന, അടിമുടി നാടനായ ഒരാൾ. അയാൾ സ്വന്തം ജീവിതംകൊണ്ട് പറയുന്നതും അതാണ്: 'മണ്ണിലേക്ക് മടങ്ങുക... പക്ഷേ, മൃതരായിട്ടല്ല, ജീവിച്ചിരിക്കുമ്പോൾതന്നെ'

ആ ആദർശമാണ് മലയാളിയായ ബിജുവിനെ തമിഴ്നാട്ടിലെ അരുണാചലത്തുള്ള പണ്ഡിതപ്പേട്ട് എന്ന ഗ്രാമത്തിലെത്തിച്ചത്. പത്തുവർഷംമുമ്പ് ഗുരുവായൂരിൽനിന്ന് വീടുവിട്ടിറങ്ങുമ്പോൾ ചുരുട്ടിപ്പിടിച്ച ഒരു പുൽപ്പായ മാത്രമേ കൈയിലുണ്ടായിരുന്നുള്ളൂ. ഒപ്പം കൈക്കുഞ്ഞിനെയുമെടുത്ത് ഭാര്യ സിന്ധുവുമുണ്ടായിരുന്നു കൂടെ.

ഇന്ന് തനതുഗൃഹനിർമാണരീതികൾ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന 'തണൽ' എന്ന പ്രസ്ഥാനത്തിന്റെ അമരക്കാരനാണ് അദ്ദേഹം. ഇന്ത്യമുഴുവൻ സഞ്ചരിച്ച് പരമ്പരാഗതഗൃഹനിർമാണവിജ്ഞാനം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന, ദേശീയതലത്തിൽ തന്നെ അറിയപ്പെടുന്ന ഒരാൾ.

'പ്രകൃതിയെ മറന്നുള്ള ഒരു ജീവിതം വേണ്ട. പ്രകൃതിയാണ് നമ്മുടെ ആധാരം. നമുക്ക് അന്നം തരുന്ന, ഊർജം തരുന്ന, അഭയംതരുന്ന, കണ്ണുകളിൽ സൗന്ദര്യം നിറയ്ക്കുന്ന മണ്ണ്. നമ്മുടെ ജീവനവും അതിജീവനവും മണ്ണ് അഥവാ പ്രകൃതിയാണ്', വാക്കുകൊണ്ടല്ല പ്രവൃത്തി കൊണ്ടാണ് ബിജു ഇതുപറയുന്നത്.

## 'കുളം തോണ്ടിയ' വീട്

തിരുവണ്ണാമലയിൽ രമണാശ്രമം സ്റ്റോപ്പിൽനിന്ന് ആറുകിലോമീറ്റർ അകലെയാണ് പണ്ഡിതപ്പേട്ട്. പച്ചപ്പാർന്ന കൃഷിയിടങ്ങളും അതേസമയം വരണ്ട മൊട്ടക്കുന്നുകളും ഇടകലർന്ന, ബഹളങ്ങളൊന്നുമില്ലാത്ത ഗ്രാമം. ആ ഗ്രാമത്തിലാണ് ബിജുവിന്റെ മൺകുടിൽ. കഴിഞ്ഞവർഷം മേയ്മാസത്തിലാണ് തിരുവണ്ണാമലയിൽ എഴുപത് സെന്റ് സ്ഥലം വാങ്ങുന്നത് വർക്ക്ഷോപ്പുകളിലൂടെ കിട്ടിയ പണവും വീട്ടിൽനിന്നുള്ള സഹായവും ഉപയോഗിച്ച്. ആദ്യം ഇവിടെ ഒരു കുളം കുഴിച്ചു. ആ മണ്ണുകൊണ്ടാണ് വീടുകെട്ടിയത്.

'വൃക്ഷ' എന്ന് പേരിട്ടിരിക്കുന്ന ഈ വീട്ടിൽ സിമന്റില്ല, കോൺക്രീറ്റില്ല, കമ്പിയില്ല. മണ്ണും മുളയും പുല്ലും തുടങ്ങി പ്രകൃതിയിൽ നിന്ന് കിട്ടുന്ന വസ്തുക്കൾ മാത്രം. മേൽക്കൂര പണിയാൻ വെട്ടിയ മുളയുടെ മുള്ളുകൊണ്ട് വേലിയും ഗേറ്റും പണിതിരിക്കുന്നു.

വീടുപണി തുടങ്ങിയ സമയത്ത് ബിജുവിന്റെ മൂത്തമകൻ ആദി(ആദ്യവൃക്ഷ) സ്കൂളിൽ ചെന്നുപറഞ്ഞു:

'എന്റെ അച്ഛൻ വീടുപണിയുന്നുണ്ട്. എനിക്ക് അച്ഛനെ സഹായിക്കണം'

പിന്നെ വീടുപണിയിൽതന്നെയായിരുന്നു അവൻ. അതുകഴിഞ്ഞാണ് സ്കൂളിൽപോയത്.

തൊട്ടടുത്തുള്ള മരുതം ഫാം സ്കൂൾ എന്ന ബദൽസ്കൂളിലാണ് രണ്ടുമക്കളും പഠിക്കുന്നത്. അവർക്ക് ഇത്തരം മനോഭാവങ്ങൾ മനസ്സിലാക്കാനാവും. പുസ്തകത്തിൽ മാത്രമൂന്നിയ സ്കൂളുകാർക്ക് അത് മനസ്സിലാവില്ല. ഭാര്യ സിന്ധുവും മൂത്തമകൻ ആദിയും രണ്ടാമത്തെ മകൻ ബോധിയും (ബോധിവൃക്ഷ)ചേർന്നാണ് ബിജു 'വൃക്ഷ'യുടെ പ്രധാനജോലികളെല്ലാം ചെയ്തത്. സഹായത്തിന് ചിലരെ വിളിച്ചിരുന്നു. സ്വന്തം ഭാവനയിലെ വീട്, സ്വന്തം കൈകൊണ്ട് പണിതതിന്റെ ചാരിതാർഥ്യം ബിജുവിന്റെ വാക്കുകളിലുണ്ടായിരുന്നു.

ഒന്നരമാസംകൊണ്ട് പണിതവീടിന് ആകെ നാലുലക്ഷത്തിനടുത്താണ് ചെലവ്. ഇക്കഴിഞ്ഞ ഓഗസ്റ്റിൽ പൗർണമിനാളിൽ പാർപ്പ് തുടങ്ങി.

എല്ലാം 'പ്രകൃതിസൗഹൃദ'മാണ് ആണ് 'വൃക്ഷ'യിൽ. പനയുടെ തൂണ്, മരംകൊണ്ടുണ്ടാക്കിയ ചായത്താലം, ഓടമുളകൊണ്ടുള്ള വെള്ളട്ടാപ്പുകൾ... ഇഴജന്തുക്കൾ, പാറ്റ, ചിതൽ എന്നിവയെ തുരത്താൻ ജൈവകീടനാശിനി... വീട്ടിലെ ആവശ്യത്തിനുള്ള ജൈവസോപ്പ് ആദിയാണ് ഉണ്ടാക്കുന്നത്. വസ്ത്രങ്ങൾ കോട്ടൺ മാത്രം. തുന്നുന്നത് സിന്ധുതന്നെ.

> **ആദ്യം വലിയൊരു കുളം കുഴിച്ചു. ആ മണ്ണുകൊണ്ടാണ് വീടുകെട്ടിയത്**

## മിഴിതുറപ്പിച്ച ദേശാടനം

ബിജുവിന്റെ അച്ഛൻ ഭാസ്കരൻ പട്ടാളത്തിൽ ഡോക്ടറായിരുന്നു. അച്ഛൻ പലയിടത്ത് ജോലിചെയ്തിരുന്നതുകൊണ്ട് കേരളത്തിനുപുറത്തുള്ള വ്യത്യസ്തഭാഷകളുമായും സംസ്കാരങ്ങളുമായും ബിജുവിന് കുട്ടിക്കാലത്തേ അടുപ്പമുണ്ടായി.

അദ്ദേഹം അസമിലായിരുന്നപ്പോഴാണ് ബിജുവിന്റെ ജനനം. നാലാംക്ലാസുവരെ കേരളത്തിൽ പഠിച്ചു. അതിനുശേഷം തമിഴ്നാട്ടിലും കർണാടകയിലും. 1993-ലാണ് മണിപ്പാലിലെ ആർക്കിടെക്ചർ കോളേജിൽ ചേരുന്നത്. മൂന്നാംവർഷം ആ പഠനം നിർത്തി. ആർട്ടും ആർക്കിടെക്ചറും തമ്മിലുള്ള ബന്ധം പഠിക്കണമെന്ന അദമ്യമായ ആഗ്രഹത്തോടെ അവിടം വിട്ടിറങ്ങി.

'ആ യാത്രയ്ക്കിടയിലാണ് ഞാൻ ഖജുരാഹോയിലെത്തുന്നതും ആദിവാസിഗുരു രാജേന്ദ്രയെ കാണുന്നതും...' , തന്റെ കണ്ണുതുറപ്പിച്ച അന്നത്തെ യാത്ര ബിജു ഓർത്തു:

'അദ്ദേഹമെന്നെ വാരണാസിയിലെ സിംഘോറ ഗ്രാമത്തിലേക്ക് കൊണ്ടുപോയി. അവിടുത്തെ കുൽബെൽ ആദിവാസി ഗോത്രത്തിൽപ്പെട്ടവർ അവരുടെ വീട് സ്വയം ഉണ്ടാക്കുകയാണ്, കിളികളെപ്പോലെ, പ്രകൃതിയിൽനിന്ന് സ്വയമെടുക്കാവുന്ന വസ്തുക്കൾ മാത്രമുപയോഗിച്ച്. മണ്ണും പുല്ലും ഉപയോഗിച്ച് അവർ നിർമിക്കുന്ന വീട് അതിമനോഹരം. രാജേന്ദ്ര ആ ഗോത്രത്തിൽപ്പെട്ടയാളാണ്. പിന്നീട് ഖജുരാഹോയിലേക്ക് വന്നതാണ്. കുൽബെലുകൾ വീടുണ്ടാക്കുന്ന കല ഒരു സർവകലാശാലയിലും പഠിപ്പിക്കുന്നില്ല. ക്ലാസ് മുറികൾക്കുപുറത്താണ് യഥാർഥവിജ്ഞാനം, ജീവിതത്തിന്റെ പാഠശാലയിൽ. സ്വയംപണിയുന്ന വീട്ടിൽ കഴിയുന്നതിൽ സവിശേഷമായ ഒരു ആഹ്ലാദമുണ്ട്. കാശുകൊടുത്ത് വീടുവെയ്ക്കുന്നവരോട് അതു പറഞ്ഞാൽ മനസ്സിലാവില്ല. നമ്മുടെ വീട് നമ്മുടെ മനസ്സിൽ രൂപപ്പെട്ടതാവണം. വീടിന് ഒരു ആത്മീയതയുണ്ട്.

ഇന്ത്യയിലെ പല ഗ്രാമങ്ങളിലും ഇതുപോലെ 'നാച്വറൽ' ആയ വീട് പണിയുന്നവരുണ്ട്. പഞ്ചഭൂതങ്ങളുടെ സ്വരൈക്യമുണ്ടാവുമ്പോഴാണ് ശാന്തവും സ്വസ്ഥവും ആരോഗ്യകരവുമായ ജീവിതം നയിക്കാൻ കഴിയുക. പഞ്ചഭൂതങ്ങൾകൊണ്ടാണ് നമ്മൾ നിർമിക്കപ്പെട്ടിരിക്കുന്നതുതന്നെ. അവ മലിനമായാൽ നമ്മളും കേടാകും...'

അക്കാലത്താണ് ബറോഡയിലെ മഹാരാജ സയാജിറാവു സർവകലാശാലയിലെ പ്രൊഫസർ വൽസൻ കൂർമ കൊല്ലേരിയെ ബിജു കാണുന്നത്. അദ്ദേഹം ബിരുദപഠനം പൂർത്തിയാക്കാൻ നിർബന്ധിച്ചു. അങ്ങനെ 2009-ൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ചറിൽനിന്ന് ബിരുദം പൂർത്തിയാക്കി. അതിനുശേഷം 2011-ൽ തിരുവണ്ണാമലയിൽ എത്തി 'തണൽ' തുടങ്ങി. രമണമഹർഷിയുടെ ജീവിതത്തെയും ദർശനങ്ങളെയും അത്രമേൽ ഇഷ്ടപ്പെടുന്നതുകൊണ്ടാണ് തിരുവണ്ണാമലതന്നെ തിരഞ്ഞെടുത്തത്.

പരമ്പരാഗതമായ ഗൃഹനിർമാണരീതികളെക്കുറിച്ചുള്ള അറിവുകൾ, വരുന്ന തലമുറയ്ക്കുകൂടി പ്രയോജനപ്പെടുന്ന വിധത്തിൽ രേഖപ്പെടുത്തിവെയ്ക്കുകയും ആളുകളെ ബോധവത്കരിക്കുകയുമാണ് തണലിന്റെ ലക്ഷ്യം. ഇനിയും വൈകിയാൽ ആ അറിവുകൾ എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടുപോകും. പ്രകൃതിയിലേക്ക് മടങ്ങാനും ലളിതമായി ജീവിക്കാനും പ്രേരിപ്പിക്കുന്ന ഡിസൈനുകളാണ് തണൽ ചെയ്തുകൊടുക്കുന്നത്. തണലിന്റെ പ്രവർത്തകർ ഇന്ത്യമുഴുവൻ സഞ്ചരിച്ച് ഓരോ പ്രദേശത്തെയും തനതുഗൃഹനിർമാണരീതികൾ രേഖപ്പെടുത്തിവെയ്ക്കുന്നു. വിവരശേഖരണം മാത്രമല്ല, നിർമാണരീതികൾ വിവരിക്കുന്ന വീഡിയോകളുമുണ്ട്.

## മണ്ണോളം വരുമോ?

"വീട് പണിയാൻ സിമന്റും കമ്പിയും കോൺക്രീറ്റുമൊക്കെ അനിവാര്യമാണെന്ന് ഇന്ന് നമ്മുടെ ബോധത്തിൽ ഉറച്ചുപോയിരിക്കുന്നു. ഇന്നലെകളിലേക്ക് ഒന്നുതിരിഞ്ഞു നോക്കിയാൽ ഈ ധാരണ തെറ്റാണെന്ന് ബോധ്യപ്പെടും. സിമന്റ് കേരളത്തിൽ പ്രചാരത്തിലായിട്ട് ഏറിയാൽ തൊണ്ണൂറുവർഷം. അതിനുമുമ്പും മനുഷ്യരിവിടെ വീടുവെച്ച് സുഖമായി പാർത്തിരുന്നില്ലേ? ആ വീടുകളൊക്കെ പ്രകൃതിയോട് ഇണങ്ങിയവയും ആയിരുന്നു. ഇന്നും ലോകത്തെ മൊത്തം വീടുകളിൽ മൂന്നിലൊന്ന് പ്രകൃതിയിൽനിന്ന് കിട്ടുന്ന വസ്തുക്കൾകൊണ്ട് പണിതവയാണെന്ന സത്യം മനസ്സിലാക്കണം..."- ബിജു തന്റെ കാഴ്ചപ്പാട് വിശദീകരിച്ചു:

കൊളോണിയൽ അടിമത്തം വല്ലാതെ ബാധിച്ച മേഖലകളിലൊന്നാണ് കെട്ടിടനിർമാണം. മണ്ണുകൊണ്ട് വലിയ എടുപ്പുകളൊന്നും പണിയാൻ കഴിയില്ലെന്ന നമ്മുടെ തെറ്റിദ്ധാരണ ആ അടിമത്തത്തിന്റെ ഫലമാണ്. അതു ശരിയല്ല. നൂറ്റാണ്ടുകൾ പഴക്കമുള്ള യെമനിലെ ഷിബാം എന്ന അംബരചുംബികളായ കെട്ടിടങ്ങളുള്ള നഗരം മൺകട്ടകൾ കൊണ്ട് പണിതതാണ്. അഞ്ഞൂറ് വർഷത്തിലേറെ പഴക്കമുള്ള ഈ കൂറ്റൻ കെട്ടിടങ്ങളുടെ നഗരത്തിന് ഇന്നും യാതൊരു കേടുപാടും സംഭവിച്ചിട്ടില്ല. ചൈനയിലെ വൻമതിൽ നിർമിച്ചത് മണ്ണുകൊണ്ടല്ലേ? ബാണാസുര അണക്കെട്ട് നിർമിച്ചതും മണ്ണുകൊണ്ടല്ലേ? ഇന്ത്യയിലെ ഏറ്റവും വലിയ മണ്ണുകൊണ്ടുള്ള അണക്കെട്ടും ഏഷ്യയിലെ രണ്ടാമത്തെ വലിയ അണക്കെട്ടും ആണിത്. ഏത് വസ്തുവിനെക്കാളും ഈട് കിട്ടുക മണ്ണിനാണ്.

ചിദംബരത്തെ വടലൂരിൽ ധാരാളം മൺവീടുകളുണ്ട്. ആ സാങ്കേതികവിദ്യ നാം പഠിക്കേണ്ടതാണ്. വിഴൽപ്പുല്ല് ഉപയോഗിച്ച് മേയുന്ന വടലൂരിലെ മേൽക്കൂരകൾ മുപ്പത്തഞ്ചുവർഷം കേടാകാതെ നിൽക്കും. കുറക്കത്തട്ട എന്ന ഒരുതരം ചൂരൽ ഉപയോഗിച്ചാണ് ഇവർ ചുമർ പണിയുന്നത്.

കൃഷിമാത്രം 'നാച്വറൽ'(ജൈവം)ആയാൽ പോരാ. താമസിക്കുന്ന വീടും അങ്ങനെയാകണം, ജീവിതമാകെയും പ്രകൃതിയോടിണങ്ങിയതാവണം. കേരളത്തിൽ മുപ്പതിലേറെ ആർക്കിടെക്ചർ കോളേജുകളുണ്ട്. അവിടെനിന്ന് ഓരോ വർഷവും ധാരാളം കുട്ടികൾ പഠിച്ചിറങ്ങുന്നു. ഇന്ത്യയിൽ നൂറുകണക്കിന് ആർക്കിടെക്ചർ കോളേജുകൾ. അവയിൽ എട്ടോ പത്തോ എണ്ണം മാത്രമാണ് ബദൽ പ്രകൃതിസൗഹൃദമായവ. പക്ഷേ, അവർക്കുപോലും ആളുകളിലേക്ക് എത്തിച്ചേരാൻ സാധ്യത കുറവാണ്. കാരണം ഇന്ത്യയിൽ വീടുവെയ്ക്കുന്നവരിൽ ചെറിയൊരു ശതമാനം മാത്രമാണ് ആർക്കിടെക്റ്റിന്റെ സഹായം തേടുന്നത്', ബിജു പറയുന്നു.


മണ്ണും മനസ്സും: ബിജു ഭാസ്കർ, സിന്ധു, ആദി വൃക്ഷ, ബോധിവൃക്ഷ

## തണലിന്റെ സ്വപ്നം

"തനത് പ്രകൃതിസൗഹൃദവീടുകളുടെ നിർമാണം പഠിപ്പിക്കുന്ന സ്കൂൾ തുടങ്ങണം. അത് ദക്ഷിണേന്ത്യയിൽതന്നെ വേണം. 'ഫാഷൻ' അല്ലാതെ പാഷൻ ആയി വരുന്നവരെയേ സ്വീകരിക്കൂ..." -ബിജുവിന്റെ വലിയ സ്വപ്നമാണിത്.

ആന്ധ്രയിൽനിന്നുള്ള ധീരജ് റെഡ്ഡി, മഹാരാഷ്ട്രയിൽനിന്നുള്ള അനുശ്രീ ടെണ്ടുൽക്കർ കർണാടകക്കാരി മുഷറഫ് ഹബിലി എന്നിവർ ആർക്കിടെക്ചറിനെ പാഷനായി കണ്ട് ബിജുവിന്റെ ശിഷ്യരായതാണ്. കുറേക്കാലം ബിജുവിന്റെ കൂടെയുണ്ടായിരുന്ന ഇവരിപ്പോൾ നാച്വറൽ ബിൽഡേഴ്സ് ഓഫ് ഇന്ത്യ എന്ന പേരിൽ ഇന്ത്യയിലെങ്ങും തനതു രീതിയിലുള്ള വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. ശ്രീറാം ഗൗതം ആണ് തണലിന്റെ മറ്റൊരു സജീവമുഖം.

ബിജുവിന്റെ ജ്യേഷ്ഠനും സിനിമാസംവിധായകനുമായ ബിനുഭാസ്കറും ഇവരുടെ മൺവഴിയിലുണ്ട്. ചെറുപ്പക്കാർ ധാരാളമായി തനതുജീവനത്തിന്റെ (Natural Living) വഴിയേ വരുന്നുവെന്നത് ആശാവഹമാണെന്ന് ബിജു കരുതുന്നു.നിത്യചൈതന്യയതിയുടെ ശിഷ്യനും പ്രഭാഷകനും എഴുത്തുകാരനുമായ ഷൗക്കത്തിന് തിരുവണ്ണാമലയിൽ മൺവീട് പണിതുകൊടുത്തത് ബിജുവാണ്.

ദുബായിയിൽ ഐ.ടി. മേഖലയിൽ ജോലിചെയ്തിരുന്ന അജീഷും ആശയും ജോലിയുപേക്ഷിച്ച് പ്രകൃതിജീവിതത്തിനുവേണ്ടി എറണാകുളം ജില്ലയിലെ കാലടിയിൽ തിരിച്ചെത്തിയിട്ടുണ്ട്. പെരിയാറിന്റെ തീരത്ത് ഒരു മൺവീടുവെച്ച് കൃഷിചെയ്തുജീവിക്കാനാണ് അവരുടെ പ്ലാൻ. അവർക്ക് വീടുണ്ടാക്കിക്കൊടുക്കുകയാണ് അടുത്തപരിപാടി.

sandeepanicherkkatt.com

ബിജുവും കുടുംബവും മൺകട്ട നിർമാണത്തിൽ (പിന്നിൽ അവരുടെ 'വൃക്ഷ' എന്ന വീട്)


'വൃക്ഷ' എന്ന വീട് നിർമാണഘട്ടത്തിൽ
